'ഭരണഭാഷ- മാതൃഭാഷ'

## പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ * 216 — 17.06.2019 ൽ മറുപടിയ്ക്ക്

### കാർബൺ ന്യൂട്രൽ പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മഞ്ഞളാംകുഴി അലി<br>,, എം.ഉമ്മർ<br>,, എൻ. ഷംസുദ്ദീൻ<br>,, പാറക്കൽ അബ്ദുല്ല : | | അഡ്വ.കെ.രാജു<br>( വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവശേഷിക്കുന്ന വനമേഖലയെ പരിരക്ഷിക്കുന്നതിനായി കാർബൺ ന്യൂട്രൽ പദ്ധതി വനം വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | കാർബൺ ന്യൂട്രൽ പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ വനം വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എല്ലാം തന്നെ കാർബൺ ന്യൂട്രലൈസേഷൻ ലക്ഷ്യമാക്കിയുള്ളതാണ്. ജൈവവൈവിദ്ധ്യം വർദ്ധിപ്പിക്കുക, കാർബൺ ആഗിരണം വർദ്ധിപ്പിച്ച് ആഗോളതാപന തോത് കുറയ്ക്കുക, മണ്ണ്, ജല സംരക്ഷണം ഉറപ്പാക്കുക, ഗാർഹിക-വ്യാവസായിക ഉപയോഗത്തിനായി തടി ലഭ്യത ഉറപ്പാക്കുക എന്നീ ഉദ്ദേശലക്ഷ്യങ്ങളോടെയാണ് നടപ്പിലാക്കി വരുന്നത് |

| | | | |
|---|---|---|---|
| (ബി) | പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രകൃതിയെ കാർബൺ തുലിതമാക്കുക എന്ന ലക്ഷ്യം നിറവേറ്റാൻ കഴിയുമെന്ന് കരുതുന്നുണ്ടോ എന്നറിയിക്കാമോ; | (ബി) | കാർബൺ ന്യൂട്രൽ പദ്ധതി മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ മാത്രമാണ് ഏറ്റെടുത്തിട്ടുള്ളത്. പ്രകൃതിയെ കാർബൺ തുലിതമാക്കലാണ് ലക്ഷ്യം എങ്കിലും ആയത് നിറവേറ്റുമോ എന്നത് പറയാറായിട്ടില്ല. |
| (സി) | തെരഞ്ഞെടുത്ത പഞ്ചായത്തുകളിലെങ്കിലും തദ്ദേശസ്വയംഭരണ വകുപ്പുമായി ചേർന്ന് പദ്ധതി നടപ്പിലാക്കാൻ ശ്രമിക്കുമോ; വിശദമാക്കാമോ? | (സി) | ഹരിതകേരളം പദ്ധതിയുടെ ഭാഗമായി സാമൂഹ്യവനവൽക്കരണ വിഭാഗം കഴിഞ്ഞ 1 0 വർഷമായി നടപ്പിൽ വരുത്തുന്ന വനവൽക്കരണത്തിൽ 712.04 ലക്ഷം തൈകൾ വിതരണം ചെയ്തതിൽ നല്ല ഒരു ഭാഗവും അതിജീവിച്ചിട്ടുണ്ട്. അന്തരീക്ഷം കാർബൺ ന്യൂട്രൽ ആക്കുക എന്ന ലക്ഷ്യത്തോടെയാണ് ഇതു നടപ്പിലാക്കിയിട്ടുള്ളത്. ഒരു ശാസ്ത്രീയ പഠനം നടത്തിയാൽ മാത്രമേ ഈ കാര്യം എത്രത്തോളം ഫലപ്രദമായി എന്ന് പറയാനാവുകയുള്ളൂ. വനവൽക്കരണം പഞ്ചായത്തു കളെക്കൂടി പങ്കെടുപ്പിച്ചാണ് നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ